ഉത്തരം

(എ),(ബി)&(സി) റിസർവ് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്നും ലൊക്കാലിറ്റിയിൽ കൂടുതലായി അനുവദിച്ച 5 ശതമാനം തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് അനുമതി നൽകണമെന്നുമുള്ള നിർദ്ദേശങ്ങൾ കമ്പനി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

28 (1254) സ്റ്റീൽ കോംപ്ലക്സിലെ പ്രതിസന്ധി

ശ്രീ. എളമരം കരീം താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ് നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കമ്പനിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി) കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട്.

1. ബി.ഐ.എഫ്.ആർ. പദ്ധതിപ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയ്ക്ക് മുൻ ബാദ്ധ്യത ഇനത്തിൽ 1999-2000 ആണ്ടിൽ നൽകേണ്ട 220 ലക്ഷം രൂപ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു.

2. ബി.ഐ.എഫ്.ആർ. പദ്ധതി പ്രകാരം ഐ.ഡി.ബി.ഐ. യ്ക്കു നൽകാനുള്ള മുൻ ബാദ്ധ്യത വൺ ടൈം സെറ്റിൽമെന്റ് വഴി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

3. കമ്പനിക്ക് സ്വന്തമായി ഒരു റോളിംഗ്മിൽ സ്ഥാപിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

4. കമ്പനി ഉൽപ്പന്നങ്ങളുടെ വിപണനം ഉറപ്പു വരുത്തുന്നതിനുവേണ്ടി സർക്കാർ വകുപ്പുകൾക്കാവശ്യമായ ഉരുക്കു ഉല്പന്നങ്ങൾ കമ്പനിയിൽ നിന്ന് പരമാവധി വാങ്ങുന്നതിന് നിർദ്ദേശം നൽകുന്ന കാര്യം പരിഗണനയിലാണ്

29 (1255) ആലപ്പുഴ ജില്ലയിലെ വ്യവസായം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ ചെറുകിട വൻകിട വ്യവസായങ്ങൾ വഴി പുതുതായി എത്രപേർക്ക് തൊഴിൽ നൽകിയിട്ടുണ്ട് എന്നറിയിക്കുമോ? ഇതിൽ സ്ത്രീകൾ എത്ര: പുരുഷൻമാർ എത്ര:

(ബി) വരുന്ന രണ്ടു വർഷക്കാലം ജില്ലയിൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന പ്രധാന വ്യവസായങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുമോ,

LIBRARY ARCHIVES Kerala Legislative Assembly